പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2730

19/06/2014-ൽ മറുപടിയ്ക്ക്

## 'ഫ്ളെയർ ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.ഐ.സി.ബാലകൃഷ്ണൻ :
ശ്രീ.വി.പി.സജീന്ദ്രൻ :
ശ്രീ.പി.സി.വിഷ്ണുനാഥ് :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ഫ്ളെയർ ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | Fostering Linkages in Academic Innovation and Research (FLAIR) എന്ന പദ്ധതിയ്ക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.<br><br>1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതുതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപനത്തിലും റിസർച്ചിലും മികച്ച ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പരിശീലനം നൽകുക. ആരംഭ വർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകൾക്കും അഞ്ച് സർവ്വകലാശാലകൾക്കും മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അദ്ധ്യാപന സർവ്വീസിൽ പ്രവേശിച്ചവർക്കും ഭാവിയിൽ 20 വർഷമെങ്കിലും സർവ്വീസുള്ളവരുമായ അദ്ധ്യാപകരേയാണ് ഫ്ളെയർ പരിശീലനങ്ങൾക്ക് തിരഞ്ഞെടു-ത്തിട്ടുള്ളത്.<br><br>2. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ, ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുക. |
| (ബി) | കോളേജുകളിലെ യുവ അദ്ധ്യാപകർക്ക് ഗുരുകുല സമ്പ്രദായപ്രകാരം പ്രമുഖ അദ്ധ്യാപകരെ നിരന്തരം പിൻതുടർന്ന് പരിശീലനം നേടാൻ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഫ്ളെയർ ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിയ്ക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസ്സുകൾ വീക്ഷിയ്ക്കാനുള്ള അവസരം അവരുടെ ഗവേഷണ ലബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിയ്ക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പരിശീലനം നൽകുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ളെയർ ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിയ്ക്കുന്നു. ഫ്ളെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറേയും (താത്ക്കാലികം) നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരു മുൻ പ്രൊഫസർ നേതൃത്വം നൽകുന്ന ഒൻപത് പേരടങ്ങുന്ന ഒരു പരിശീലക സംഘം പ്രവർത്തിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ